സഹകരണ ബാങ്കുകൾ വഴി നെൽകൃഷിക്കായി പലിശരഹിത വായ്പാ പദ്ധതി

7(2259) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നെൽകൃഷിക്കായി പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ തൃശൂർ ജില്ലയിൽ ഏതെല്ലാം സഹകരണ ബാങ്കുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ;

(സി) ജില്ലയിൽ എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകൃഷിക്കായി പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ 84 സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകൃഷിക്കായി പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.)*

(സി) വ്യക്തമാക്കാം, 2008-09 വർഷം 1326 കർഷകർക്ക് 239.02 ലക്ഷം രൂപയുടെയും 2009-10 വർഷം 1891 കർഷകർക്ക് 273.83 ലക്ഷം രൂപയുടെയും 2010-11 വർഷം (31-1-2011 വരെ) 1107 കർഷകർക്ക് 187.16 ലക്ഷം രൂപയുടെയും വായ്പ നെൽകൃഷിക്കുള്ള പലിശ രഹിത വായ്പയായി തൃശ്ശൂർ ജില്ലയിലെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

സഹകരണ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹകരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വായ്പ

8(2260) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന് കീഴിലെ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹകരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വായ്പ അനുവദിക്കാറുണ്ടോ ;

(ബി) എങ്കിൽ അതിന് ഈടാക്കുന്ന പലിശ നിരക്കെത്രയാണ് ;

(സി) 2009-10, 2010-11, അദ്ധ്യയന വർഷങ്ങളിൽ ഈ ഇനത്തിൽ എന്തു തുക അനുവദിച്ചിട്ടുണ്ട് ; എത്ര പേർക്ക് അനുവദിച്ചു ;

(ഡി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡിയുടെ ആനുകൂല്യം പ്രസ്തുത വിദ്യാർത്ഥികൾക്കും ലഭ്യമാക്കുമോ എന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly